# സെന്റ് ജോസഫ്സ് എൽ.പി.ജി.എസ്
# ആലപ്പുഴ



# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025

# ആമുഖം

കുരുന്നു ഹൃദയങ്ങളിൽ അക്ഷരദീപം തെളിയിച്ചുകൊണ്ട് ആലപ്പുഴയുടെ ഹൃദയഭാഗത്തായി സ്ഥിതിചെയ്യുന്ന വിദ്യാലയമാണ് St. Joseph L.P.G.S. "കുടുംബത്തിനും സമൂഹത്തിനും മുതൽക്കൂട്ടാകി പെൺകുട്ടികളെ വാർത്തെടുക്കുക" എന്ന വി. മാഗ്ദലിന്റെ സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി കനോഷ്യൻ സന്യാസിമാരാൽ സ്ഥാപിതമായ ആലപ്പുഴയിലെ ഏറ്റവും പഴക്കമേറിയ വിദ്യാഭ്യാസ സ്ഥാപനമാണിത്.

'സമഗ്രഗുണമേന്മ വിദ്യാഭ്യാസം' എന്ന ലക്ഷ്യം സാക്ഷാത്കരിച്ച് വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി ഉയർത്താനുള്ള പ്രവർത്തനങ്ങളാണ് ഈ വർഷവും നടപ്പിലാക്കുന്നത്. എല്ലാ കുട്ടികളെയും തുല്യരായി പരിഗണിച്ചുകൊണ്ട് അവസരസമത്വവും, സാമൂഹിക നീതിയും ഉറപ്പാക്കുന്ന പഠനാന്തരീക്ഷവും വിദ്യാലയത്തിൽ സജ്ജമാക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് സൗഹൃദപരമായ പഠനാന്തരീക്ഷവും പഠനപരിസരവും സാധ്യമാക്കുന്നതിനായി അധ്യാപകരും, രക്ഷിതാക്കളും, പൊതുസമൂഹവും അടങ്ങുന്ന വലിയൊരു കൂട്ടായ്മയും ഈ അധ്യയന വർഷത്തിൽ ഒരുങ്ങിയിട്ടുണ്ട്. ICT യുടെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തിയും വായനയുടെ ലോകത്തുനിന്ന് അകന്നു പോകുന്ന കുട്ടികളെ മികച്ച വായനാനുഭവത്തിലേയ്ക്ക് എത്തിക്കുവാൻ ഉതകുന്ന പ്രവർത്തനങ്ങളും പഠന വിനോദോപാധി

യിലുള്ള കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും കുട്ടികളുടെ വ്യത്യസ്തമായ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനും കുട്ടികളിൽ ഒളിഞ്ഞിരിക്കുന്ന സർഗ്ഗവാസനകളെ കണ്ടെത്തി പുറത്തുകൊണ്ടുവരുന്നതിനും ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്.

സാധ്യതകളുടെ അനന്തമായ ലോകത്തിലേക്ക് കുട്ടികളെ എത്തിക്കുന്നതിന് കർമ്മധീരരായ അധ്യാപകർക്ക് കൂടുതൽ തെളിച്ചവും ദിശാബോധവും നൽകി 'സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം' എന്ന ലക്ഷ്യത്തിലേയ്ക്ക് എത്തി വിദ്യാലയത്തെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സഹായകമായ പ്രവർത്തനങ്ങളും ആശയങ്ങളുമാണ് ഇതിൽ ക്രമീകരിച്ചിട്ടുള്ളത്.

# ലക്ഷ്യങ്ങൾ

- പ്രാഥമിക വിദ്യാഭ്യാസത്തിൽ ഉൾപ്പെടുന്ന ശേഷികളെ പരിപൂർണതയിലെത്തിക്കുക.
- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുക.
- പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന ഉറപ്പാക്കുക.
- സർഗ്ഗപരമായ കഴിവുകൾ വളർത്തുന്നതിന് അവസരമൊരുക്കുക.
- വിദ്യാഭ്യാസത്തിൽ ജനാധിപത്യ മൂല്യങ്ങൾക്ക് പ്രാധാന്യം നൽകുക.
- കലാ - കായിക പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുക.
- മാനുഷിക മൂല്യങ്ങൾ വളർത്താനുതകുന്ന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുക.
- വിവര സാങ്കേതിക രംഗത്തുവരുന്ന പരിവർത്തനങ്ങൾ അതാത് സമയത്തുതന്നെ വിദ്യാർത്ഥികൾക്ക് അനുഭവവേദ്യമാക്കുക.
- മാതൃഭാഷയിൽ പ്രാവീണ്യം നേടുന്നതിന് പ്രാപ്തരാക്കുക.
- പാഠപുസ്തകങ്ങളോടൊപ്പം അധിക വായനയ്ക്കുള്ള അവസരമൊരുക്കുക.
- ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനുമുള്ള മനോഭാവം വികസിപ്പിക്കുക.

- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ വ്യത്യസ്തമായ കഴിവുകൾ കണ്ടെത്തി അത് പരിപോഷിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുക.

- പഠനം അനുഭവവേദ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നൽകുക.

- കുട്ടികൾക്ക് മാനസികവും കായികവുമായ ഉല്ലാസം പ്രദാനം ചെയ്യുന്ന പ്രവർത്തനങ്ങൾ നൽകുക.

- പ്രവർത്തന കലണ്ടർ തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കുക.

# അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : സെന്റ് ജോസഫ്സ് എൽ.പി.ജി.എസ്, ആലപ്പുഴ
ഹെഡ്പോസ്റ്റാഫീസ് 688001
ഫോൺ 0477-2242929

സ്കൂൾ സ്ഥാപിതമായ വർഷം : 1892

സ്കൂൾ കോഡ് : 35213

വിദ്യാഭ്യാസ ഉപജില്ല : ആലപ്പുഴ

വിദ്യാഭ്യാസ ജില്ല : ആലപ്പുഴ

റവന്യൂ ജില്ല : ആലപ്പുഴ

ബി.ആർ.സി : ആലപ്പുഴ

സി.ആർ.സി : ആലപ്പുഴ (ഗവ. ഗേൾസ്)

മുനിസിപ്പാലിറ്റി : ആലപ്പുഴ

നിയമസഭാ മണ്ഡലം : ആലപ്പുഴ

ലോകസഭാ മണ്ഡലം : ആലപ്പുഴ

താലൂക്ക് : അമ്പലപ്പുഴ

വില്ലേജ് : ആലപ്പുഴ വെസ്റ്റ്

ഇ-മെയിൽ : 35213alp@gmail.com

അദ്ധ്യാപകരുടെ എണ്ണം : 25

കുട്ടികളുടെ എണ്ണം : 884

# ക്ലാസ്സും ഡിവിഷനുകളും

| ക്ലാസ് | I | II | III | IV |
|---|---|---|---|---|
| ഡിവിഷൻ | A to F | A to F | A to F | A to F |

Total Number of students in each class

I std :- 197

II std :- 236

III std :- 207

IV std :- 244

# അദ്ധ്യാപകരും ചുമതലകളും

| | |
|---|---|
| പ്രധാനാദ്ധ്യാപിക | :- Sr. മേരി അരുണ സെബാസ്റ്റ്യൻ |
| സ്റ്റാഫ് സെക്രട്ടറി | :- അനിറ്റ ആന്റണി |
| Asst. സ്റ്റാഫ് സെക്രട്ടറി | :- ദീപ. വി. ജെ |
| SRG കൺവീനർ | :- മേരി ഷാർലെറ്റ്. പി. എസ് |
| Asst SRG കൺവീനർ | :- പ്രിൻസി റോസ് |
| ലൈബ്രറി | :- അനിറ്റ ആന്റണി<br>ഓഷീൻ ക്ലീറ്റസ് |
| ബാൻഡ് | :- ദീപ. വി. ജെ |
| ബുൾ ബുൾസ് | :- ബിന്ദു സി. സി<br>സോഫിയ എം. എ |
| സ്പോർട്സ് | :- സോഫിയ എം. എ<br>ജെസ്മോൾ |
| ടെക്സ്റ്റ് ബുക്ക് | :- വിക്ടറി പി. ജെ<br>:- മേരി ജിബിന |
| ശാസ്ത്രമേള | :- അനിറ്റ ആന്റണി<br>ദീപ വി. ജെ |
| കലാമേള | :- സോഫിയ എം. എ<br>ധാനി എ. ഫെർണാണ്ടസ് |
| വിദ്യാരംഗം | :- ഓഷീൻ ക്ലീറ്റസ്<br>ധന്യമോൾ കെ. എസ് |
| ഹെൽത്ത് ക്ലബ് | :- മേരി ബെസ്സി<br>സ്റ്റെഫി. എ. എഫ് |

സോഷ്യൽ ക്ലബ് :- ടി. പി. ബിജു
ആഗസ്റ്റിൻ

ഇംഗ്ലീഷ് ക്ലബ് :- ശോഭിയ ജോസ്
ബേബി സി. മേരിക്കുട്ടി

ഗണിത ക്ലബ് :- ഗ്രിഗറി പി. ജെ
ജോളി ഒ. ജെ
ഷൈനി മാത്യു

IED :- ലീന . പി

ആരോഗ്യം :- ബേബി പി. ജി
ജോളി ഒ. ജെ

നല്ല പാഠം :- ലിസി ജോസഫ്
ഷൈനി മാത്യു

സയൻസ് ക്ലബ് :- ബേബി പി. ജി
വത്സ തോമസ്

സോഷ്യൽ സയൻസ് :- സിന്ധു . പി. പി.
ഷീബ തോമസ്

കാർഷിക ക്ലബ് :- ഷേർലി ജോസഫ്
സിസ്റ്റർ ജിൻസി

# നിലവിലുള്ള അവസ്ഥാ വിശകലനം.

വിഷയം : മലയാളം

മേഖല : അക്കാദമികം

| പ്രശ്നങ്ങൾ | കാരണങ്ങൾ | പരിഹാര മാർഗ്ഗങ്ങൾ |
|---|---|---|
| അക്ഷരങ്ങൾ, ചിഹ്നങ്ങൾ ഉറച്ചിട്ടില്ല. | അടിസ്ഥാനമില്ല. | പകർത്തിയെഴുത്ത് പ്രോത്സാഹിപ്പിക്കുക മലയാളത്തിളക്കം ചേർത്തനങ്ങളിലൂടെ അക്ഷരങ്ങളും ആശയങ്ങളും ഉറപ്പിക്കുന്നു. |
| ആശയം വ്യക്തമായി പ്രകടിപ്പിക്കാൻ സാധിക്കുന്നില്ല. | അക്ഷരം ഉറച്ചിട്ടില്ല. | അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിച്ച്. വായനശീലം പ്രോത്സാഹിപ്പിക്കണം. |
| വായനാശീലം തീരെയില്ല. | അമിതമായ നവമാധ്യമങ്ങളുടെ ഉപയോഗം | ക്ലാസ് ലൈബ്രറി പ്രോത്സാഹിപ്പിക്കുക. |

വിഷയം : ഗണിതം

മേഖല : അക്കാദമികം

| പ്രശ്നങ്ങൾ | കാരണങ്ങൾ | പരിഹാര മാർഗ്ഗങ്ങൾ |
|---|---|---|
| ഗണിതം പ്രയാസമാണെന്ന ചിന്ത | മാതാപിതാക്കളിൽ നിന്നും മറ്റുള്ളവരിൽ നിന്നും കിട്ടുന്ന തെറ്റായ ചിന്ത | കുട്ടികളിൽ ആത്മവിശ്വാസം വളർത്തുക. ഓരോ ക്ലാസിലും നേടേണ്ട പഠനനേട്ടങ്ങൾ നേടി എന്ന് ഉറപ്പുവരുത്തുക. ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലൂടെ ഗണിതാശയങ്ങൾ ഉറപ്പിക്കുക. |
| മനക്കണക്കുകൾ ചെയ്യുന്നില്ല. ഗണിത ക്രിയകൾ ചെയ്യുന്നില്ല. പട്ടികകൾ മനഃപാഠമാക്കുന്നില്ല. | | നിരന്തരമായ പ്രവർത്തനങ്ങളിൽ ഗണിതക്രിയകൾ ഉൾപ്പെടുത്തുക. സമയ പരിധിക്കുള്ളിൽ ക്രിയകൾ ചെയ്യുവാൻ നിർദേശിക്കുക. പട്ടികകൾ മനഃപാഠമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടുതൽ നൽകുക. |

വിഷയം : ഇംഗ്ലീഷ്

മേഖല : അക്കാദമികം.

| പ്രശ്നങ്ങൾ | കാരണങ്ങൾ | പരിഹാര മാർഗ്ഗങ്ങൾ |
|---|---|---|
| വായിക്കുവാനും എഴുതുവാനും ബുദ്ധിമുട്ടുള്ള കുട്ടികൾ എല്ലാ ക്ലാസിലും ഉണ്ട്. | ഉച്ചാരണങ്ങൾ ശരിയായ രീതിയിൽ ഉറച്ചിട്ടില്ല. | 'ഹലോ ഇംഗ്ലീഷ്' പ്രവർത്തനങ്ങൾ ഫലപ്രദമാക്കുക. വായനയിൽ കൂടുതൽ ശ്രദ്ധ കൊടുക്കുക. |
| ഇംഗ്ലീഷിൽ സംസാരിക്കാനുള്ള താൽപര്യക്കുറവ്. | തെറ്റു വരുമോ എന്ന ചിന്ത | ഇംഗ്ലീഷ് സംസാരിക്കാൻ കൂടുതൽ അവസരമൊരുക്കുന്നു. ഇംഗ്ലീഷ് ക്ലബ്ബ് പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നു. |
| ഇംഗ്ലീഷ് മത്സരങ്ങളിലെ പങ്കാളിത്തക്കുറവ്. | ആത്മവിശ്വാസക്കുറവ്. | കൂടുതൽ അവസരങ്ങളൊരുക്കൽ. |

വിഷയം : പരിസരപഠനം

മേഖല : അക്കാദമികം

| പ്രശ്നങ്ങൾ | കാരണങ്ങൾ | പരിഹാരമാർഗ്ഗങ്ങൾ |
|---|---|---|
| നിരീക്ഷണക്കുറവ് | T.V, Phone, എന്നിവയുടെ അതിപ്രസരം | സ്കൂൾ പരിസരത്തും മറ്റും പഠനയാത്രകൾ സംഘടിപ്പിക്കുക. |

# അക്കാദമിക നേട്ടങ്ങൾ

ആലപ്പുഴയിലെ പ്രമുഖ വിദ്യാലയമായ സെന്റ്. ജോസഫ്സ് എൽ. പി. ജി. എസ് 2024-25 ശാസ്ത്ര ഗണിത ശാസ്ത്ര സാമൂഹിക ശാസ്ത്ര പ്രവർത്തിപരിചയ മേളകളിലും ഞങ്ങളുടെ വിദ്യാർത്ഥിനികളുടെ ശക്തമായ സാന്നിധ്യം ഉറപ്പിച്ചു. ഗണിത ശാസ്ത്ര, സാമൂഹിക ശാസ്ത്ര മേളകളിൽ നമ്മുടെ വിദ്യാർത്ഥിനികൾ ഓവറോൾ സ്ഥാനം കരസ്ഥമാക്കി. കൂടാതെ പ്രവർത്തി പരിചയ ശാസ്ത്ര മേളകളിൽ രണ്ടാം സ്ഥാനവും നേടുകയുണ്ടായി. അതുപോലെതന്നെ 2024-25 വർഷത്തെ കലോത്സവത്തിലും നമ്മുടെ വിദ്യാലയം ഓവറോൾ സ്ഥാനം നേടുകയുണ്ടായി. കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ സ്വച്ഛ് സർവേക്ഷൺ ക്ലീൻ ആലപ്പുഴ എന്ന ആലപ്പുഴ മുൻസിപ്പാലിറ്റിയുടെ Waste to Art എന്ന മത്സരത്തിൽ നമ്മുടെ സ്കൂൾ രണ്ടാം സ്ഥാനം കരസ്ഥമാക്കി. ഈ അധ്യയന വർഷം നടത്തപ്പെട്ട L.S.S പരീക്ഷയിലും മികച്ച വിജയമാണ് നമ്മുടെ വിദ്യാലയത്തിന് ലഭിച്ചത്. ഇരുപത്തി ഒന്ന് വിദ്യാർത്ഥിനികൾക്കാണ് L.S.S സ്കോളർഷിപ്പ് ലഭിച്ചത്.

ഈ അക്കാദമിക വർഷത്തിലും കൂടുതൽ വിജയങ്ങൾക്കായി പ്രവർത്തിക്കാൻ അധ്യാപകരും വിദ്യാർത്ഥികളും പ്രയത്നിക്കുന്നു.

# മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

മേഖല: അക്കാദമികം, English

* പ്രവർത്തനത്തിന്റെ പേര്: ഇംഗ്ലീഷ് അസംബ്ലി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ 3 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ 3 ദിവസം | Class Teacher | |

* പ്രവർത്തനത്തിന്റെ പേര്: ഒരു ദിനം ഒരു വാക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാകുട്ടികളുടെയും vocabulary improve ചെയ്യുക | എല്ലാദിവസവും assembly യിൽ ഓരോ English word and its meaning പരിചയപ്പെടുത്തുന്നു. | 5 days | Class Teacher | |

മേഖല : ഭാഷ

പ്രവർത്തനത്തിന്റെ പേര്: സർഗ്ഗവേള

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • സർഗ്ഗശേഷികളുടെ പരിപോഷണം | • സ്കൂളിൽ നടന്ന പ്രധാന പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ, ഫോട്ടോ, വീഡിയോ എന്നിവയായി നവമാധ്യമങ്ങളിലൂടെ രക്ഷകർത്താക്കളിൽ എത്തിക്കുന്നു. | ഒരു വർഷം | അധ്യാപകർ, വിദ്യാർത്ഥികൾ സി.പി.ടി.എ | |
| • കുട്ടികളിൽ വായനാശീലം വളർത്തൽ | • വിദ്യാർത്ഥികളുടെ ജന്മദിന സമ്മാനമായി ഓരോ പുസ്തകങ്ങൾ ഗ്രന്ഥശാലയിലേയ്ക്ക് സമ്മാനിക്കുന്നു. | ഒരു വർഷം | ലൈബ്രേറിയൻ | |

പ്രവർത്തനം: മണ്ണിനെ അറിയാം വിളവെടുക്കാം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയിലേക്ക് നയിക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കുന്നു. | | Nature Club Members | |
| * പഠനയാത്രകൾ<br>പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് സംഘടിപ്പിക്കുന്നു. | വർഷത്തിലൊരിക്കൽ | Teachers | |

പ്രവർത്തനത്തിന്റെ പേര് :- വായിക്കാം വളരാം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല. | സാമ്പത്തികം |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു സാഹിത്യ രൂപത്തിലേക്ക് മാറ്റൽ | ജന്മദിന സമ്മാന പുസ്തകങ്ങൾ വായന കുറിപ്പുകൾ ക്ലാസ് തലത്തിൽ തയ്യാറാക്കുന്നു | 6 മാസം | | |

പ്രവർത്തനത്തിന്റെ പേര് :- ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗ്ഗാത്മക ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ ചർച്ച ചെയ്ത് നിശ്ചിത ദിവസങ്ങളിൽ സംഘടിപ്പിക്കുന്നു | അധ്യയന വർഷം മുഴുവൻ | അധ്യാപകർ, വിദ്യാർത്ഥികൾ | |

# ഉപസംഹാരം

'സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി പാഠപുസ്തകങ്ങൾക്കും, ക്ലാസ് മുറിയിലെ പ്രവർത്തനങ്ങൾക്കും പുറമെ തന്റെ ചുറ്റുപാടുമുള്ള ജീവിതഗന്ധിയായ അനുഭവങ്ങളിലൂടെ നവമാധ്യമ സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് വ്യത്യസ്ത പഠന സാഹചര്യം ഒരുക്കിക്കൊണ്ട് ഓരോ കുട്ടിയുടെയും സമഗ്ര വികസനം എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുവാൻ ഈ വികസന പദ്ധതി രേഖയ്ക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ST. JOSEPH'S L.P.G.S. ALAPPUZHA

Headmistress
St. Joseph's L.P.G.S.
Alappuzha